സൂറഃ-9

# അത്തൗബ

19. തീർഥാടകർക്ക് വെള്ളം കൊടുക്കുന്നതും മസ്ജിദുൽ ഹറാം പരിപാലിക്കുന്നതും, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗപരിശ്രമങ്ങൾ അർപ്പിക്കുകയും ചെയ്തവരുടെ കർമത്തിനു തുല്യമാക്കുകയാണോ നിങ്ങൾ? എന്നാൽ അല്ലാഹുവിങ്കൽ ഈ രണ്ടുതരം കർമങ്ങൾ തുല്യമാകുന്നില്ല. അല്ലാഹുവാകട്ടെ, ധിക്കാരികൾക്ക് മാർഗദർശനം നൽകുന്നുമില്ല.

۞ أَجَعَلْتُمْ سِقَايَةَ ٱلْحَآجِّ وَعِمَارَةَ ٱلْمَسْجِدِ ٱلْحَرَامِ كَمَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَجَٰهَدَ فِى سَبِيلِ ٱللَّهِ ۚ لَا يَسْتَوُۥنَ عِندَ ٱللَّهِ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿١٩﴾

20. സത്യം സ്വീകരിക്കുകയും അതിനു വേണ്ടി നാടും വീടും ത്യജിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ ദേഹംകൊണ്ടും ധനംകൊണ്ടും സമരം ചെയ്യുകയും ചെയ്തവരത്രെ അല്ലാഹുവിങ്കൽ അത്യുന്നത സ്ഥാനീയർ; അവർ തന്നെയാകുന്നു അന്തിമ വിജയം നേടിയവരും.

ٱلَّذِينَ ءَامَنُوا۟ وَهَاجَرُوا۟ وَجَٰهَدُوا۟ فِى سَبِيلِ ٱللَّهِ بِأَمْوَٰلِهِمْ وَأَنفُسِهِمْ أَعْظَمُ دَرَجَةً عِندَ ٱللَّهِ ۚ وَأُو۟لَٰٓئِكَ هُمُ ٱلْفَآئِزُونَ ﴿٢٠﴾

21. അവരുടെ നാഥൻ തന്റെ കാരുണ്യത്തിന്റെയും സംപ്രീതിയുടെയും സുവിശേഷം അവർക്കരുളുന്നു; സ്വർഗീയാരാമങ്ങളുടെയും. അതിലവർക്ക് സുസ്ഥിരമായ അനുഗ്രഹങ്ങളൊരുക്കിവെച്ചിട്ടുണ്ട്.

يُبَشِّرُهُمْ رَبُّهُم بِرَحْمَةٍ مِّنْهُ وَرِضْوَٰنٍ وَجَنَّٰتٍ لَّهُمْ فِيهَا نَعِيمٌ مُّقِيمٌ ﴿٢١﴾

22. ആ ആരാമങ്ങളിൽ അവർ ചിരഞ്ജീവികളായി എന്നെന്നും വസിക്കുന്നതാകുന്നു. അല്ലാഹുവിങ്കലാകുന്നു മഹത്തായ പുരസ്കാരമുള്ളത്.

خَٰلِدِينَ فِيهَآ أَبَدًا ۚ إِنَّ ٱللَّهَ عِندَهُۥٓ أَجْرٌ عَظِيمٌ ﴿٢٢﴾

أَجَعَلْتُمْ = നിങ്ങൾ ആക്കുകയാണോ? سِقَايَةَ ٱلْحَآجِّ = ഹാജിമാരെ വെള്ളം കുടിപ്പിക്കൽ (തീർഥാടകർക്ക് വെള്ളം കൊടുക്കുന്നതും)

وَعِمَارَةَ ٱلْمَسْجِدِ ٱلْحَرَامِ = ഹറമിലെ പള്ളി (കഅ്ബ)പരിപാലനവും (പരിപാലിക്കുന്നതും)

كَمَنْ = യാതൊരുവനെപ്പോലെ (തുല്യം)

ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ = അവൻ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിച്ചിരിക്കുന്നു(കയും)

وَجَٰهَدَ = ജിഹാദ് ചെയ്തു (ത്യാഗപരിശ്രമങ്ങളർപ്പിക്കുകയും ചെയ്തവരുടെ കർമത്തിനു) فِى سَبِيلِ ٱللَّهِ = അല്ലാഹുവിന്റെ മാർഗത്തിൽ

لَا يَسْتَوُۥنَ = അവർ (ഈ രണ്ടുതരം കർമങ്ങൾ) തുല്യമാകുന്നില്ല عِندَ ٱللَّهِ = അല്ലാഹുവിങ്കൽ وَٱللَّهُ = അല്ലാഹുവാകട്ടെ

لَا يَهْدِى = സന്മാർഗദർശനം നൽകുന്നില്ല ٱلْقَوْمَ ٱلظَّٰلِمِينَ = അക്രമി, ധിക്കാരികളായ ജനത്തിന്

ٱلَّذِينَ ءَامَنُوا۟ = വിശ്വസിച്ചവർ (സത്യം സ്വീകരിക്കുകയും)

وَهَاجَرُوا۟ = ഹിജ്റ ചെയ്തവരും (അതിനു വേണ്ടി നാടും വീടും ത്യജിക്കുകയും) وَجَٰهَدُوا۟ = സമരം (ചെയ്യുകയും )ചെയ്തവരത്രെ

فِى سَبِيلِ ٱللَّهِ = അല്ലാഹുവിന്റെ മാർഗത്തിൽ بِأَمْوَٰلِهِمْ = അവരുടെ ധനം കൊണ്ട് وَأَنفُسِهِمْ = ദേഹം കൊണ്ടും, ജീവൻ കൊണ്ടും

أَعْظَمُ دَرَجَةً = പദവിയാൽ ഏറ്റം മഹത്തായവർ (ഉന്നത സ്ഥാനീയർ) عِندَ ٱللَّهِ = അല്ലാഹുവിങ്കൽ

وَأُو۟لَـٰٓئِكَ هُمُ = അവർ തന്നെയാകുന്നു   ٱلْفَآئِزُونَ = (അന്തിമ) വിജയം നേടിയവരും   يُبَشِّرُهُمْ = അവരെ സുവിശേഷമരുളുന്നു

رَبُّهُم = അവരുടെ നാഥൻ   بِرَحْمَةٍ = കാരുണ്യം കൊണ്ട്(കാരുണ്യത്തിന്റെയും)   مِّنْهُ = അവനിൽനിന്നുള്ള(തന്റെ)

وَرِضْوَٰنٍ = സംപ്രീതി കൊണ്ടും(യുടെയും)   وَجَنَّـٰتٍ = ആരാമങ്ങൾ കൊണ്ടും (ളുടെയും)   لَّهُمْ = അവർക്ക് (ഒരുക്കിവെച്ചിട്ടുണ്ട്)

فِيهَا = അതിൽ   نَعِيمٌ = സുഖസൗകര്യങ്ങൾ, അനുഗ്രഹങ്ങൾ   مُّقِيمٌ = നിലനിൽക്കുന്ന (സുസ്ഥിരമായ)

خَـٰلِدِينَ فِيهَآ = അവർ അതിൽ നിത്യവാസികളാകുന്നു (ചിരഞ്ജീവികളായി വസിക്കുന്നതാകുന്നു)   أَبَدًا = എന്നെന്നും

إِنَّ ٱللَّهَ = നിശ്ചയമായും അല്ലാഹു   عِندَهُۥٓ = അവങ്കലാകുന്നു (ഉള്ളത്)   أَجْرٌ = പ്രതിഫലം, പുരസ്കാരം

عَظِيمٌ = മഹത്തായ, വമ്പിച്ച, ധാരാളം

**19:** 'നിങ്ങൾ' എന്ന് സംബോധന ചെയ്യുന്നത് കഅ്ബയുടെ ഭരണത്തിലും പരിപാലനത്തിലും ഊറ്റം കൊള്ളുന്ന ഖുറൈശികളെയാണ്. سِقَايَةَ മൂന്നർഥങ്ങളിൽ ഉപയോഗിക്കാറുണ്ട്. 1) കുടിവെള്ളം ശേഖരിച്ചുവെച്ച സ്ഥലം. ദാഹശമനാർഥം സജ്ജീകരിക്കുന്ന വെള്ളത്തൊട്ടിയും തണ്ണീർപന്തലുമൊക്കെ سِقَايَةَ ആണ്. 2) വെള്ളം കുടിക്കാനുപയോഗിക്കുന്ന പാത്രം, മൊന്ത, കോപ്പ തുടങ്ങിയവ. 3) കുടിവെള്ള വിതരണം. പുരാതന കാലത്ത് മക്കയിൽ ജല ലഭ്യത പരിമിതമായിരുന്നു. ഉള്ളതിന്റെ വിതരണ സൗകര്യവും പരിമിതമായിരുന്നു. സംസം കിണറായിരുന്നു മുഖ്യ ഉറവിടം. അതിന്റെ നിയന്ത്രണം മുത്ത്വലിബ് വംശത്തിനായിരുന്നു. അവർക്കായിരുന്നു ഹാജിമാർക്ക് വെള്ളം കൊടുക്കാനുള്ള അവകാശം. വെള്ളം കൊടുക്കാനെന്ന പോലെ വിലക്കാനും അവർക്കവകാശമുണ്ടായിരുന്നു. ഈ അവകാശം തങ്ങൾക്ക് ജനത്തിനിടയിൽ വമ്പിച്ച പ്രാധാന്യവും പ്രസക്തിയും നൽകുന്നതായി അവർ കരുതിയിരുന്നു. ഇതുപോലെ കഅ്ബയുടെ ഓരോ കാര്യങ്ങളും കൈയാളിയിരുന്നവർ അതൊരു മഹാപദവിയായി അഹങ്കരിച്ചു. ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലമായി ഒരു സംഭവം ഉദ്ധരിക്കപ്പെടുന്നുണ്ട്. ഒരിക്കൽ പ്രവാചകന്റെ പിതൃവ്യൻ അബ്ബാസും ത്വൽഹത്ബിൻ ശൈബയും പരസ്പരം മേനി പറയുകയായിരുന്നു. ശൈബ പറഞ്ഞു: 'കഅ്ബയുടെ താക്കോൽ സൂക്ഷിക്കുന്നത് ഞാനാണ്. വേണമെങ്കിൽ എനിക്കതിനകത്ത് കിടന്നുറങ്ങാം.' അബ്ബാസ്: 'ഹാജിമാർക്ക് വെള്ളം കൊടുക്കുന്നത് ഞാനാണല്ലോ. ആർക്കും ഒരു തുള്ളി വെള്ളം കൊടുക്കേണ്ടെന്ന് തോന്നിയാൽ അങ്ങനെ ചെയ്യാനും എനിക്കു കഴിയും.' ഈ സന്ദർഭത്തിൽ അലി(റ) അവരെ കടന്നു പോകാനിടയായി. അദ്ദേഹം പറഞ്ഞു: 'നിങ്ങളെന്താണീ പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആളുകൾ നമസ്കരിച്ചു തുടങ്ങുന്നതിന് ആറുമാസം മുമ്പ് നമസ്കരിച്ചു തുടങ്ങിയവനാണ് ഞാൻ. ധർമ സമരത്തിന്റെ ഭടനുമാണ് ഞാൻ.' ഈ സംഭാഷണ വിവരം നബി(സ)യുടെ അടുക്കലെത്തിയപ്പോഴാണ് ഈ സൂക്തം അവതരിച്ചത്.

ഇതു സംബന്ധിച്ച് വേറെയും നിവേദനങ്ങളുണ്ട്. അവ സൂചിപ്പിക്കുന്നത് ഇതാണ്: മക്കാ വിമോചനത്തിനുശേഷം ഇസ്‌ലാമിൽ വന്ന ചില ഖുറൈശി പ്രമാണിമാർ നേരത്തെ തങ്ങൾ മുസ്‌ലിം സമൂഹത്തിൽ ചേരാതിരുന്നതിനെ, ജാഹിലിയ്യാ കാലത്ത് അവർ മക്കയിൽ നിർവഹിച്ചുകൊണ്ടിരുന്ന കഅ്ബയുടെ പരിപാലനം, ഹാജിമാർക്കുള്ള കുടിവെള്ള വിതരണം തുടങ്ങിയ സേവനങ്ങളെ പൊക്കിപ്പിടിച്ചു മറ്റുള്ളവരോട് ന്യായീകരിക്കാറുണ്ടായിരുന്നു. തങ്ങൾ അന്ന് ഈമാൻ കൈക്കൊള്ളാതിരുന്നത് കുറ്റമൊന്നുമല്ല. ഇസ്‌ലാമിൽ ചേർന്നില്ലെങ്കിലും ഞങ്ങൾ ദൈവിക ഭവനമായ കഅ്ബയെ പരിപാലിക്കുകയും അവിടെയെത്തുന്ന തീർഥാടകർക്ക് വെള്ളം കൊടുക്കുകയും ചെയ്തിരുന്നവരാണ്. അതുകൊണ്ട് നിങ്ങളെപ്പോലെ തന്നെ ദൈവപ്രീതി അർഹിക്കുന്നവരാണ് ഞങ്ങളും. ഈ വാദഗതിക്കുള്ള മറുപടിയാണ് സൂക്തം.

كَمَنْ ءَامَنَ بِٱللَّهِ........... എന്നതിന്റെ അർഥം, 'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചവനെയും ദൈവിക മാർഗത്തിൽ സമരം ചെയ്തവനെയും പോലെ' എന്നാണ്. ഇതിൽ ചില പദങ്ങൾ അനുക്തമായിട്ടുണ്ട്. അതു ചേർത്തു പറഞ്ഞാൽ ..........كأعمال من آمن എന്നാകും പൂർണരൂപം. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും ദൈവികമാർഗത്തിൽ സമരം ചെയ്യുകയും ചെയ്തവന്റെയും കർമങ്ങളെപ്പോലെ അഥവാ അവക്ക് തുല്യമാകുകയോ എന്നർഥം. لَا يَسْتَوُۥنَ -അവർ തുല്യരാവുകയില്ല- എന്നവാക്യം പരാമൃഷ്ടമായ രണ്ടുതരം കർമങ്ങളുടെയും കർത്താക്കളെയാണ് സൂചിപ്പിക്കുന്നത്. യഥാർഥത്തിൽ തുലനം ചെയ്യപ്പെടുന്നത് ആ കർമങ്ങളെത്തന്നെയാണ്. ഈ സന്ദർഭത്തിൽ عِندَ ٱللَّهِ 'അല്ലാഹുവിങ്കൽ' എന്ന വാക്കിന് സവിശേഷമായ ധ്വനിയുണ്ട്. കർമങ്ങൾ വിലയിരുത്തുന്നതിനുള്ള അല്ലാഹുവിന്റെ മാനദണ്ഡം നിങ്ങളുടേതിൽനിന്ന് തികച്ചും ഭിന്നമാകുന്നു എന്നാണത്. നിങ്ങൾ ചെയ്യുന്നത് നിങ്ങൾക്ക് വളരെ മഹത്തരവും വിലപ്പെട്ടതുമായി തോന്നുന്നുണ്ടാവാം. ലോകർ അതു സമ്മതിച്ചു തരുന്നുമുണ്ടാവാം. പക്ഷേ, അല്ലാഹുവിന്റെ മാനദണ്ഡപ്രകാരം ദീനുൽ ഇസ്‌ലാമുമായി അതിന് യാതൊരു താരതമ്യവുമില്ല. അധർമികൾക്കും സത്യത്തെ മനഃപൂർവം നിഷേധിക്കുന്നവർക്കും 'അല്ലാഹു സന്മാർഗം നൽകാതിരിക്കുക' എന്നതിന്റെ താൽപര്യം എന്താണെന്ന് ഇതിനുമുമ്പ് സമാനമായ പരാമർശങ്ങൾ വന്നപ്പോൾ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സൂക്തത്തിൽ لَا يَهْدِى യുടെ വിവക്ഷ 'ലക്ഷ്യത്തിൽ എത്തിക്കുകയില്ല' എന്നും ٱلظَّـٰلِمِينَ കൊണ്ടുദ്ദേശ്യം 'വിഗ്രഹാരാധകർ' എന്നുമാണെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഹാജിമാർക്ക് വെള്ളം കൊടുക്കുക പോലുള്ള മസ്ജിദുൽ ഹറാമിൽ ചെയ്ത സേവനങ്ങൾമൂലം തങ്ങൾ മികച്ച സജ്ജനങ്ങളും ധർമിഷ്ഠരുമായിരിക്കുന്നുവെന്നും, അതിന്റെപേരിൽ പരലോകത്തും തങ്ങൾ അത്യുന്നത സ്ഥാനീയരാകുമെന്നും അവർ പ്രതീക്ഷിക്കുന്നു. പക്ഷേ, അല്ലാഹു അവരുടെ ആ മോഹമൊന്നും സഫലമാക്കാൻ പോകുന്നില്ല. സത്യവിശ്വാസം കൈക്കൊണ്ടശേഷം ചെയ്ത സൽകർമങ്ങൾ മാത്രമേ അവൻ പരിഗണിക്കുകയുള്ളൂ.

സൂക്തത്തിന്റെ ആശയമിതാണ്: അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും ആ വിശ്വാസങ്ങൾ താൽപര്യപ്പെടുന്ന കർമധർമങ്ങൾ സ്ഥാപിക്കാൻ അധ്വാന പരിശ്രമങ്ങളർപ്പിക്കുകയുമാണ് അല്ലാഹുവിന്റെ മാനദണ്ഡമനുസരിച്ച് മനുഷ്യൻ ചെയ്യുന്ന ഏറ്റം വിശിഷ്ടമായ കർമം. സത്യവിശ്വാസവും അതിന്റെ സാക്ഷാത്കാരത്തിനുവേണ്ടിയുള്ള ധർമസമരവുമില്ലാതെ ചെയ്യുന്ന കർമങ്ങൾക്ക് -അത് ഹാജിമാർക്ക് വെള്ളം കൊടുക്കുകയോ കഅ്ബയെ പരിചരിക്കുകയോ ആയിരുന്നാലും - അല്ലാഹുവിന്റെ മുമ്പിൽ യാതൊരു വിലയുമില്ല. തങ്ങൾക്ക്

ബോധിച്ച കർമങ്ങൾ മാത്രം ചെയ്ത് അതിന്റെ ബലത്തിൽ പരലോകത്ത് രക്ഷപ്പെടാമെന്ന് വല്ലവരും മോഹിക്കുന്നുവെങ്കിൽ അല്ലാഹു അവരുടെ മോഹം സഫലമാക്കാൻ പോകുന്നില്ല.

പള്ളി നിർമിക്കുക, പരിപാലിക്കുക, അതിൽ ദൈവാരാധനയും സൽകർമങ്ങളുമനുഷ്ഠിക്കുക എന്നീ മൂന്നർഥങ്ങളിലുമുള്ള عمَارَةُ المَسْجد സത്യവിശ്വാസികൾ ഭക്തിപൂർവം ചെയ്യുമ്പോൾ മഹത്തായ പുണ്യകർമങ്ങൾ തന്നെയാകുന്നു. പള്ളി നിർമാണത്തിന്റെ മഹത്വത്തെക്കുറിച്ച് നബി(സ) പ്രസ്താവിച്ചതായി ത്വബ്റാനി ഉദ്ധരിക്കുന്നു:

من بنى بيتا يعبد الله فيه من مال حلال بنى الله له بيتا فى الجنّة من در وياقوت (തന്റെ വിഹിതമായ മുതലുകൊണ്ട് അല്ലാഹുവിന് ഇബാദത്തു ചെയ്യുന്നതിന് ഒരു മന്ദിരം നിർമിക്കുന്നവനുവേണ്ടി അല്ലാഹു സ്വർഗത്തിൽ മുത്തും പവിഴവും കൊണ്ട് ഒരു മന്ദിരം നിർമിക്കുന്നതാണ്). ഇമാം അഹ്മദ് ഉദ്ധരിച്ച മറ്റൊരു ഹദീഥിൽ നബി(സ) പറയുന്നു: من بنى مسجدا بنى الله له بيتا أوسع منه في الجنة (ആരെങ്കിലും ഒരു പള്ളി നിർമിച്ചാൽ അല്ലാഹു അവനുവേണ്ടി സ്വർഗത്തിൽ അതിനെക്കാൾ വിശാലമായ ഒരു വീട് നിർമിക്കും). പള്ളിയുടെ പരിചരണത്തെക്കുറിച്ച് നബി(സ) പ്രസ്താവിച്ചതായി ത്വബ്റാനി നിവേദനം ചെയ്യുന്നു.

من علق قنديلا فى المسجد صلى عليه سبعون الف ملك واستغفر له ما دام ذالك القنديل يقد (ഒരാൾ പള്ളിയിൽ ഒരു വിളക്കു തൂക്കിയാൽ ആ വിളക്ക് കത്തിക്കൊണ്ടിരിക്കുന്ന കാലത്തോളം എഴുപതിനായിരം മലക്കുകൾ അയാൾക്കുവേണ്ടി പ്രാർഥിക്കുകയും പാപമോചനം തേടുകയും ചെയ്യും). പള്ളി സന്ദർശിക്കുകയും അതിനെ സജീവമാക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച നബിവചനങ്ങൾ നിരവധിയാണ്. ചില ഉദാഹരണങ്ങൾ: ബൈഹഖി അബുദ്ദർദാഇൽനിന്ന് ഉദ്ധരിക്കുന്നു: من مشى فى ظلمة اليل الى المساجد آتاه الله نورا يوم القيامة (രാത്രിയുടെ ഇരുട്ടിൽ പള്ളികളിലേക്കു നടക്കുന്നവന് അന്ത്യനാളിൽ അല്ലാഹു വെളിച്ചം ചൊരിഞ്ഞു കൊടുക്കും.) ത്വബ്റാനി അബീ ഉമവിയിൽനിന്ന് ഉദ്ധരിക്കുന്നു:

الغدوّ والرّواح الى المسجد من الجهاد فى سبيل الله (പള്ളിയിലേക്കുള്ള പോക്കുവരവ് അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദാകുന്നു). പ്രവാചകൻ പ്രസ്താവിച്ചതായി ഹസൻ ബിൻ അലിയിൽനിന്ന ത്വബ്റാനി:

من أد من الاختلاف الى المسجد اصاب اخا مستفادا فى الله وعلما مستظرفا و كلمة تدعوه الى الهدى وكلمة تصرفه عن الرّدى و يترك الذنوب حياء وخشية أو نعمة أو رحمة منتظرة (പള്ളി സന്ദർശനം ശീലമാക്കുന്നവന് ദൈവികകാര്യത്തിൽ പ്രയോജനപ്പെടുന്ന സഹോദരനെ ലഭിക്കുന്നു. ഉൾക്കൊള്ളാവുന്ന വിജ്ഞാനവും സന്മാർഗത്തിലേക്കു ക്ഷണിക്കുകയും ആപത്തകറ്റുകയും ചെയ്യുന്ന വചനവും ലഭിക്കുന്നു. അയാൾ ലജ്ജയാലും ദൈവഭയത്താലും അല്ലെങ്കിൽ അല്ലാഹുവിങ്കൽനിന്ന് പ്രതീക്ഷിക്കപ്പെടുന്ന അനുഗ്രഹത്താലോ കാരുണ്യത്താലോ പാപങ്ങൾ വർജിക്കുകയും ചെയ്യുന്നു.)

ഇവിടെ വിശ്വാസത്തിനു ശേഷം നമസ്കാരമോ സകാത്തോ നോമ്പോ ഹജ്ജോ പരാമർശിക്കാതെ ജിഹാദ് പരാമർശിച്ചത് ശ്രദ്ധേയമാണ്. ആ കർമങ്ങളൊന്നും അപ്രധാനമായതുകൊണ്ടല്ല അത്; മറിച്ച് അവയെക്കാളൊക്കെ വിശ്വാസത്തിന്റെ മാറ്റ് തെളിയിക്കുക ജിഹാദാണ് എന്നതുകൊണ്ടാണ്. കൂടാതെ, ജിഹാദിന് സന്നദ്ധരാകുന്നവർ അനിവാര്യമായും ഈ കർമങ്ങളെല്ലാം മുറപ്രകാരം അനുഷ്ഠിക്കുന്നവരുമായിരിക്കും. അല്ലാഹുവിന്റെ മാർഗത്തിൽ പ്രവർത്തിക്കാൻ പ്രചോദനം നൽകാത്ത നമസ്കാരാദികർമങ്ങൾക്ക് ഈമാനിന്റെ ചൈതന്യമുണ്ടായിരിക്കുകയില്ല.

സൂക്തം ഉന്നയിക്കുന്ന ചോദ്യം ഇക്കാലത്തും പ്രസക്തമാണ്. ദീൻ അനുശാസിച്ച സുപ്രധാനമായ കാര്യങ്ങളൊന്നും നിർവഹിക്കാതെ, ജിഹാദിനെക്കുറിച്ചു ചിന്തിക്കുക പോലും ചെയ്യാതെ, വിഭവസമൃദ്ധമായ മൗലിദ്-റാത്തീബ് പരിപാടികൾ സംഘടിപ്പിച്ചും സിദ്ധന്മാർക്കും ജാറങ്ങൾക്കും സംഭാവനകൾ കൊടുത്തും പരലോകത്ത് രക്ഷപ്പെടാമെന്ന് വ്യാമോഹിക്കുന്ന എത്രയോ ആളുകൾ മുസ്ലിം സമുദായത്തിലുണ്ട്. മൗലിദ്-റാത്തീബുകളുടെയും ജാറതീർഥാടനങ്ങളുടെയും മഹത്വംകൊണ്ട് തങ്ങളുടെ പാപങ്ങളെല്ലാം പൊറുക്കപ്പെടുകയും പരലോകത്ത് സ്വർഗം ലഭിക്കുകയും ചെയ്യുമെന്നാണവരുടെ പ്രതീക്ഷ. അത്തരം ആളുകളോടു കൂടിയുള്ളതാണ് ഈ സൂക്തം ഉന്നയിക്കുന്ന ചോദ്യം.

**20:** അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിച്ചുകൊണ്ട് ധർമസമരത്തിലേർപ്പെടുന്നതും, അവിശ്വാസികളായിക്കൊണ്ട് കഅ്ബ പരിപാലിക്കുക മാത്രം ചെയ്യുന്നതും അല്ലാഹുവിന്റെ ദൃഷ്ടിയിൽ തുല്യമായ കാര്യങ്ങളല്ലെന്നും അവിശ്വാസികളായ അധർമകാരികളെ അല്ലാഹു ലക്ഷ്യത്തിലെത്തിക്കുകയില്ലെന്നുമാണ് കഴിഞ്ഞ സൂക്തത്തിൽ പ്രസ്താവിച്ചത്. അത്തരക്കാരുടെ കർമങ്ങളെല്ലാം നശിച്ചുപോകുന്നതാണെന്നും, വിശ്വസിക്കുകയും നമസ്കരിക്കുകയും സകാത്ത് കൊടുക്കുകയും അല്ലാഹുവിനെ മാത്രം ആരാധിക്കുകയും ചെയ്തവരാണ് ഉദ്ദിഷ്ട ലക്ഷ്യത്തിലെത്തുന്നവരെന്നും തൊട്ടു മുമ്പുള്ള സൂക്തങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. സത്യധർമങ്ങളിൽ വിശ്വസിക്കുകയും ആ വിശ്വാസാനുസാരം കർമജീവിതം നയിക്കുകയും ചെയ്തവർക്ക് അല്ലാഹു കൽപിക്കുന്ന മൂല്യവും അതുവഴി അവർക്ക് ലഭിക്കുന്ന സൗഭാഗ്യങ്ങളുമാണ് ഈ സൂക്തങ്ങൾ വിവരിക്കുന്നത്.

ഇവിടെ വിശ്വാസത്തിന്റെയും ജിഹാദിന്റെയും കൂടെ ഹിജ്റയും പരാമർശിച്ചിരിക്കുന്നു. ജിഹാദ് പോലെ തന്നെ വിശ്വാസത്തിന്റെ മാറ്റ് തെളിയിക്കുന്ന നടപടിയാണ് ഹിജ്റയും. വിശ്വാസം സംരക്ഷിക്കുന്നതിന് നാടും വീടും വെടിഞ്ഞ് പലായനം ചെയ്യേണ്ടത് അനിവാര്യമായ ഘട്ടങ്ങളിൽ അതിനും പടക്കളത്തിലിറങ്ങേണ്ടിവരുമ്പോൾ അതിനും വിശ്വാസികൾ തയാറാകണം. എങ്കിലേ അവരുടെ വിശ്വാസം യാഥാർഥ്യമാകൂ. ഹിജ്റയും ജിഹാദും പരസ്പരം ബന്ധപ്പെട്ടതാണ്. എന്നല്ല, ഹിജ്റ തന്നെ വലിയൊരു ജിഹാദാണ്. ആദർശത്തിനു വേണ്ടി നാടും വീടും വെടിയുന്നതിൽ ഭൗതിക താൽപര്യങ്ങളോടുള്ള കടുത്ത സമരമുണ്ട്. ദേഹവും ധനവും ബലികഴിക്കാൻ സന്നദ്ധനായി സമരത്തിലേർപ്പെടുന്നതിൽ വൈയക്തികമായ സുഖസൗകര്യങ്ങളിൽനിന്നും സുരക്ഷിതത്വത്തിൽനിന്നുമുള്ള പലായനവുമുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ദേഹം കൊണ്ടും ധനം കൊണ്ടും ജിഹാദ് ചെയ്യുക എന്നു പറയുന്നതിൽ ധർമ സംസ്ഥാപനാർഥം പ്രതിലോമ ശക്തികളോട് മല്ലിട്ടുകൊണ്ട് നടത്തുന്ന എല്ലാ അധ്വാന പരിശ്രമങ്ങളും ഉൾപ്പെടുന്നു. പ്രതിബന്ധങ്ങൾ തന്നിൽനിന്നുള്ളതാവാം, ചുറ്റുപാടിൽനിന്നുള്ളതാവാം. ധാരാളം മിച്ചധനം കൈവശമുള്ള ഒരാൾ അതിൽനിന്ന് കുറേ ഭാഗം ധർമകാര്യങ്ങളിൽ ചെലവഴിക്കുന്നത് ഒരു സൽക്കർമ-عمل صالح-ആണ്. കൈവശം പരിമിതമായ ധനം മാത്രം ഉണ്ടായിരിക്കുകയും അത് സ്വന്തം കാര്യത്തിനു തന്നെ ആവശ്യമായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ സ്വന്തം ആവശ്യങ്ങൾ അവഗണിച്ച് കൂടുതൽ പ്രധാനമായ ഒരു ധർമവിഷയത്തിൽ ചെലവഴിക്കുമ്പോൾ അത് ധനം കൊണ്ടുള്ള ജിഹാദാകുന്നു. ഇപ്രകാരം തന്നെയാണ് ശരീരം കൊണ്ടുള്ള ജിഹാദും. نفس ശരീരം, ആത്മാവ്, ജീവൻ എന്നിവയെയെല്ലാം കുറിക്കുന്ന പദമാണ്. ഈ സൂക്തത്തിൽ എല്ലാ അർഥങ്ങളും ഉദ്ദേശ്യമാകുന്നു. വിജ്ഞാനം, ധിഷണാ വൈഭവം, പ്രതിഭ, സർഗാത്മക ശക്തികൾ മുതലായവയെല്ലാം نفس ന്റെ ഭാഗമാണ്. പ്രതിബന്ധങ്ങളോട് മല്ലിട്ടുകൊണ്ട് അവയെ ധർമ സംസ്ഥാപനാർഥം ഉപ

യോഗിക്കുമ്പോൾ അത് نفس കൊണ്ടുള്ള ജിഹാദാകുന്നു. أَعْظَمُ دَرَجَةً-ന്റെ ഭാഷാർഥം 'പദവിയാൽ ഏറ്റം മഹത്തായത്' എന്നാണ്. ഇവിടെ വിശ്വാസികളുടെ പദവിയെ മറ്റാരുടെയെങ്കിലും പദവിയുമായി താരതമ്യം ചെയ്യുകയല്ല; അല്ലാഹുവിങ്കൽ വിശ്വാസികൾക്കുള്ള പദവിയുടെ മഹത്ത്വം വെളിപ്പെടുത്തുകയാണ്. സൂറ *അൽ ബഖറ* 212-ാം സൂക്തത്തിൽ ദൈവഭക്തന്മാരെക്കുറിച്ച് وَٱلَّذِينَ ٱتَّقَوْا۟ فَوْقَهُمْ يَوْمَ ٱلْقِيَـٰمَةِ (ദൈവഭക്തന്മാർ അന്ത്യനാളിൽ നിഷേധികൾക്കു മീതെയാകുന്നു) എന്നു പറഞ്ഞതുപോലെയാണിത്. ഭക്തന്മാരുടെ പദവിക്ക് തൊട്ടു താഴെയുള്ള പദവി സത്യനിഷേധികൾക്കുണ്ട് എന്ന അർഥത്തിലല്ല ഇത്, മറിച്ച് നിഷേധികൾക്ക് അല്ലാഹുവിങ്കൽ ഒരു സ്ഥാനവുമില്ല, ഭക്തന്മാർക്ക് അത്യുന്നത സ്ഥാനമുണ്ട് എന്ന അർഥത്തിലാണ്.

ഇവിടെ സത്യനിഷേധികളുടെ അവസ്ഥ أُو۟لَـٰٓئِكَ حَبِطَتْ أَعْمَـٰلُهُمْ وَفِى ٱلنَّارِ هُمْ خَـٰلِدُونَ (അവരുടെ കർമങ്ങളൊക്കെയും നശിച്ചുപോയിരിക്കുന്നു. നരകത്തിലാവട്ടെ അവർ ശാശ്വതവാസികളുമാകുന്നു) എന്ന വാക്യത്തിലൂടെ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. അതിനാൽ സത്യനിഷേധികൾക്ക് ചില സ്ഥാനങ്ങളൊക്കെയുണ്ട്. അതിനു മീതെയാണ് വിശ്വാസികളുടെ സ്ഥാനം എന്നു വിവക്ഷ ഇവിടെയുമില്ല. أُو۟لَـٰٓئِكَ هُمُ ٱلْفَآئِزُونَ (അവർ തന്നെയാണ് അന്തിമ വിജയം പ്രാപിച്ചവർ) എന്ന വാക്യം മുൻ സൂക്തത്തിലെ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ എന്ന വാക്യത്തിന്റെ വിപരീതമാണ്.

**21,22:** അന്തിമ വിജയപ്രാപ്തിയുടെ -أُو۟لَـٰٓئِكَ هُمُ ٱلْفَآئِزُونَ- വിശദീകരണമാണ് ഈ വചനങ്ങൾ. അല്ലാഹുവിന്റെ കാരുണ്യം, പ്രീതി, സകലവിധ സൗകര്യങ്ങൾ നിറഞ്ഞ സ്വർഗീയാരാമങ്ങളിലെ നിത്യവാസം, അവിടെ ഒരിക്കലും അവർക്ക് ഭയപ്പെടേണ്ടിവരില്ല; ദുഃഖിക്കേണ്ടിവരില്ല. വേദനകളനുഭവിക്കുകയോ ക്ലേശങ്ങൾ സഹിക്കുകയോ ചെയ്യേണ്ടിവരില്ല. ഇങ്ങനെയുള്ള വിജയത്തെക്കുറിച്ച് ഈ ലോകത്തു വെച്ചുതന്നെ അവർക്ക് അല്ലാഹുവിങ്കൽനിന്ന് ശുഭവാർത്ത ലഭിക്കുന്നു. അതവർക്ക് പ്രയാസങ്ങളും പ്രതിബന്ധങ്ങളും തരണംചെയ്യാൻ ധൈര്യവും ആവേശവും പകരുന്നു. رحمة ന്, അനുഗ്രഹം എന്നും അർഥമുണ്ട്. ദീനിനു വേണ്ടി ത്യാഗങ്ങളും ക്ലേശങ്ങളും സഹിച്ചവരോട് അവന് അപാരമായ അനുഗ്രഹവും കാരുണ്യവുമുണ്ട് എന്നതാണ് ഒന്നാമത്തെ നേട്ടം. കുറ്റങ്ങളും കുറവുകളും പൊറുത്തു മാപ്പാക്കി ശിക്ഷകളിൽനിന്ന് രക്ഷിക്കുക എന്നത് അതിന്റെ താൽപര്യമാകുന്നു. അല്ലാഹു അവരിൽ സംപ്രീതനായിരിക്കും എന്നതാണ് രണ്ടാമത്തെ നേട്ടം. അല്ലാഹുവിന്റെ പ്രീതി അടിമകൾക്ക് നൽകുന്ന ആനന്ദാനുഭൂതി അവർണനീയമാണ്. ബുഖാരിയും മുസ്‌ലിമും നസാഇയും തിർമിദിയും ഉദ്ധരിച്ച ഒരു ഹദീസിൽ നബി(സ) പറയുന്നു: "അല്ലാഹു സ്വർഗവാസികളെ വിളിക്കും: ഓ, സ്വർഗവാസികളേ -അപ്പോൾ അവർ لبيك ربنا وسعديك (നാഥാ, ഞങ്ങൾ വിനീതമായി വിളികേൾക്കുന്നു) എന്ന് ഉത്തരം നൽകും. അല്ലാഹു ചോദിക്കും: നിങ്ങൾക്ക് തൃപ്തിയായോ? അവർ: ഞങ്ങൾ എങ്ങനെ തൃപ്തരാവാതിരിക്കും. നിന്റെ സൃഷ്ടികളിലാർക്കും നൽകിയിട്ടില്ലാത്തത് നീ ഞങ്ങൾക്ക് നൽകിയല്ലോ. അല്ലാഹു പറയും: അതിനേക്കാളെല്ലാം വിശിഷ്ടമായത് ഇനിയും ഞാൻ നൽകുന്നുണ്ട്. അവർ ചോദിക്കും: ഞങ്ങളുടെ നാഥാ, ഇതിലും വിശിഷ്ടമായി മറ്റെന്താണുള്ളത്? അവൻ പറയും: ഞാൻ എന്റെ പ്രീതി നിങ്ങളിൽ ചൊരിയുന്നു. പിന്നീടൊരിക്കലും ഞാൻ നിങ്ങളെ വെറുക്കുകയില്ല." സൃഷ്ടിക്ക് നേടാനാകുന്നതിൽ വെച്ച് ഏറ്റവും മഹത്തായ നേട്ടമായ അല്ലാഹുവിന്റെ പ്രീതിയെ മനുഷ്യന്റെ ഭാഷയിൽ നിർവചിക്കാൻ കഴിയില്ല.

മൂന്നാമത്തെ നേട്ടം സ്വർഗീയാരാമങ്ങളാണ്. എല്ലാ സജ്ജനങ്ങൾക്കും കൂടി ഒരൊറ്റ ആരാമമല്ല. അനേകം ആരാമങ്ങളുണ്ട് എന്നാണ് جنّات എന്ന ബഹുവചനം സൂചിപ്പിക്കുന്നത്. ഓരോരുത്തർക്കും ഒന്നോ അധികമോ ആരാമങ്ങളുണ്ടാവാം. എല്ലാം നമ്മുടെ സങ്കൽപത്തിനതീതമായ സുഖസൗകര്യങ്ങളാൽ സമൃദ്ധമായിരിക്കും. സുഖവും ക്ഷേമവുമാണ് نَعِيمٌ. ഒരിക്കലും ക്ഷയിക്കാതെ സദാ നിലനിൽക്കുന്നതാണ് مُّقِيمٌ. നിത്യത എന്ന അർഥമുള്ള خلد ന്റെ കർതൃബഹുവചനമാണ് خالدون (സ്ഥിരമായവർ, അനശ്വരർ). خَـٰلِدِينَ فِيهَا എന്നാൽ അതിൽ നിത്യമായി വസിക്കുന്നവർ. أَبَدًا എന്ന പദം കൊണ്ട് ഈ ആശയത്തെ പിന്നെയും ശക്തിപ്പെടുത്തിയിരിക്കുകയാണ്. സദാ, എന്നെന്നും എന്നൊക്കെയാണ് أَبَدًا-ന്റെ അർഥം. أَجْرٌ ന് പ്രതിഫലം, പാരിതോഷികം, പുരസ്കാരം എന്നീ അർഥങ്ങളുണ്ട്. വിജയം പ്രാപിച്ചവർക്കുള്ള أَجْرٌ സമ്മാനവും പുരസ്കരാവുമാണ്. ان ٱللَّهَ عِندَهُۥٓ أَجْرٌ عَظِيمٌ എന്ന വാക്യത്തിന്റെ നേർ തർജമ, 'അല്ലാഹു, അവങ്കലാകുന്നു മഹത്തായ പുരസ്കാരം' എന്നാകുന്നു. ഇതിനു പല അർഥങ്ങളുണ്ട്. ഒന്ന്, മുകളിൽ പറഞ്ഞതുപോലുള്ള മഹത്തായ സമ്മാനങ്ങൾ എത്ര വേണമെങ്കിലും വിജയം പ്രാപിച്ചവർക്ക് നൽകാൻ അല്ലാഹുവിങ്കലുണ്ട്. രണ്ട്, വിജയിച്ചവർക്ക് നൽകാൻ അതിമഹത്തായ സമ്മാനങ്ങൾ ഉള്ളത് അല്ലാഹുവിങ്കലാകുന്നു; മറ്റാർക്കും അതുപോലുള്ള സമ്മാനങ്ങൾ നൽകാനാവില്ല. മൂന്ന്, വിജയികൾക്കായി മേൽ പറഞ്ഞതുപോലുള്ള ധാരാളം സമ്മാനങ്ങൾ ഇനിയും അല്ലാഹുവിന്റെ പക്കലുണ്ട്. عَظِيمٌ എണ്ണത്തെ സൂചിപ്പിക്കാനും വണ്ണത്തെ സൂചിപ്പിക്കാനും ഉപയോഗിക്കും. أَجْرٌ عَظِيمٌ മഹത്തായ സമ്മാനവുമാകാം, ധാരാളം സമ്മാനങ്ങളുമാകാം. ■